# നീരയെച്ചൊല്ലി മൽസരം; നിയന്ത്രണങ്ങളുമായി നാളികേര ബോർഡ്

**കർഷക ഫെഡറേഷനുകൾക്ക് സമാന്തരമായി നാളികേര വികസന കോർപറേഷന്റെ കർഷക സൊസൈറ്റികൾ**

**ജോജി സൈമൺ**

കൊച്ചി ● സ്വന്തം നിലയ്ക്ക് കർഷക ഫെഡറേഷനുകൾ നീര വിൽക്കുന്നതിന് നാളികേര വികസന ബോർഡിന്റെ വിലക്ക്. കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്കു മാത്രമേ നീര നൽകാവൂവെന്നും ഇല്ലെങ്കിൽ ലൈസൻസ് റദ്ദാക്കുമെന്നും ബോർഡ് മുന്നറിയിപ്പു നൽകി.

കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ടിൽ പ്രവർത്തിക്കുന്ന ഫെഡറേഷന്റെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ചെയ്തു.

കേരഫെഡിന്റെ നിയന്ത്രണത്തിൽ ആരംഭിച്ച നാളികേര വികസന കോർപറേഷനു ഫെഡറേഷൻ നീര നൽകിയതാണു നടപടിക്കു കാരണം. അതേസമയം, കർഷ ഫെഡറേഷനുകൾക്കു സമാന്തരമായി കർഷക സൊസൈറ്റികൾ രൂപീകരിച്ച് എക്സൈസ് വകുപ്പിന്റെ ലൈസൻസ് സ്വന്തമാക്കാൻ നാളികേര വികസന കോർപറേഷൻ നീക്കം തുടങ്ങി. ഇതോടെ നീരയെച്ചൊല്ലി സർക്കാർ ഏജൻസികൾ തമ്മിൽ മൽസരം കടുത്തു.

ബോർഡിൽ അഫിലിയേറ്റ് ചെയ്ത ഫെഡറേഷനുകൾ നീരവിപണനത്തിനായി രൂപീകരിച്ചിരിക്കുന്ന 12 കമ്പനികൾക്കു തന്നെ നീര നൽകണമെന്നും ഇല്ലെങ്കിൽ നീരയുൽപാദനവും വിപണനവും ശരിയായ ട്രാക്കിലാകില്ലെന്നുമുള്ള കാഴ്ചപ്പാടാണു ബോർഡിന്റേത്.

വായ്പയെടുത്തും മറ്റും കോടികൾ മുടക്കിയാണു കർഷകർ കമ്പനികൾ രൂപീകരിച്ചിരിക്കുന്നതെന്നതും ബോർഡ് ചൂണ്ടിക്കാട്ടുന്നു.

എന്നാൽ എറണാകുളം മുതൽ കാസർകോട് വരെ ഇതിനകം 25 സൊസൈറ്റികൾ രൂപീകരിച്ച നാളികേര വികസന കോർപറേഷൻ രണ്ടും കൽപിച്ചാണ്. പ്രതിദിനം 300 ലീറ്റർ നീര സെക്രട്ടേറിയറ്റ്, ഇടപ്പള്ളി, കോഴിക്കോട് എലത്തൂർ എന്നിവിടങ്ങളിലെ ഔട്ട്‌ലെറ്റുകളിൽ വിറ്റഴിക്കുന്നുണ്ട്.

എലത്തൂരിലും ആറളത്തും പ്രതിദിനം 10,000 ലീറ്റർ വീതം സംസ്കരണ ശേഷിയുള്ള പ്ലാന്റുകൾ വൈകാതെ തുടങ്ങും. നാലരക്കോടിയുടെ കേന്ദ്രസഹായത്തിനായി പദ്ധതിരേഖ സമർപ്പിച്ചുകഴിഞ്ഞു.

നഷ്ടംമൂലം 25 വർഷം മുൻപു പൂട്ടിപ്പോയ കോർപറേഷൻ നീര വിപണി ലക്ഷ്യമിട്ടു വീണ്ടും പ്രവർത്തനം തുടങ്ങിയെങ്കിലും കമ്പനി റജിസ്ട്രാറുടെ രേഖകളിൽ ഇപ്പോഴും പൂട്ടിക്കിടക്കുന്നവയുടെ പട്ടികയിലാണ്.

25 സൊസൈറ്റികൾ രൂപീകരിച്ചെങ്കിലും മൂന്നെണ്ണത്തിനു മാത്രമേ എക്സൈസ് വകുപ്പ് ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. നാളികേര വികസന ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 173 ഫെഡറേഷനുകളിൽ 118 എണ്ണത്തിനും ലൈസൻസ് കിട്ടാനുണ്ട്.